**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5136** **11-08-2021 - ൽ മറുപടിയ്ക്ക്**

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ 'അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി' എന്ന പേരിൽ നഗരതൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നഗരപ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റുതരത്തിലുള്ള തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണ് ഇത്. നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | 03/11/2017-ലെ സ.ഉ.(കൈ)നം. 216/2017/ തസ്വഭവ ഉത്തരവ് പ്രകാരം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കോവിഡ് രോഗവ്യാപനം മൂലമുണ്ടായിട്ടുള്ള തൊഴിൽ പ്രതിസന്ധി പരിഗണിച്ച് പ്രസ്തുത പദ്ധതിയുടെ കീഴിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2021-22 സാമ്പത്തിക വർഷം അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കു വേണ്ടി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 50 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. ഈ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനു വേണ്ടി ആവശ്യമെങ്കിൽ കൂടുതൽ തുക അനുവദിക്കുമെന്ന് ബഡ്ജറ്റിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി വ്യക്തമാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പ്രവർത്തികളും പ്രവർത്തി നിർണ്ണയവും**

**1.1 ഏറ്റെടുക്കാവുന്ന പ്രവർത്തികൾ**

7.1.1

I. പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

i. കടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (underground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ് ഡാം), ചെക്ക് ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലതൊട്ടിനും സഹായകരമായ നിർമ്മിതികൾ,

ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർ ട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ;

iii. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ / കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും;

iv. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;

v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഓരോ പദ്ധതിയിൽ പണിയെടുത്ത കുടുംബാങ്ങൾക്ക് നല്കേണ്ടതാണ്;

vi. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

II. സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ

i. ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg Well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;

ii. പഴകൃഷി, പട്ട്നൂൽകൃഷി, തോട്ടവിളകൃഷി, പുഷ്പകൃഷി, ഔഷധകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;

iii. തരിശ് ഭൂമി / പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;

iv. ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉത്പാദനവും.

v. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;

vi. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങൾ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

III. സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

i. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം

എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;

ii. സ്വയം സഹായ ഘടകങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

**IV. അടിസ്ഥാന സൗകര്യങ്ങൾ**

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ ശേഖരണവും സംസ്കരണവും തുറസ്സായ മലമൂത്ര വിസർജ്ജനവും ഇല്ലാതാക്കുന്നതിനുംവേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയിലറ്റുകൾ, അങ്കണവാടി ടോയിലറ്റുകൾ തുടങ്ങിയ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;

ii. കളിസ്ഥലങ്ങളുടെ നിർമ്മാണവും;

iii. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നില്ക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation) തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

iv. വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, പൊതു ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;

v. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;

vi. അയ്യങ്കാളി നഗര തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

vii. അയ്യങ്കാളി നഗര തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട നഗര പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികളും;

viii. ഇത് സംബന്ധിച്ച് അയ്യങ്കാളി നഗര തൊഴിലുറപ്പ് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

**പ്രകടമല്ലാത്തതും, അളന്നതിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ തുടങ്ങി ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.**

വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നല്കേണ്ടതാണ്.

(എ) പട്ടികജാതി
(ബി) പട്ടികവർഗ്ഗം
(സി) നാടോടികളായ ആദിവാസികൾ
(ഡി) ഡീനോട്ടിഫൈഡ് ആദിവാസികൾ
(ഇ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ
(എഫ്) സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ
(ജി) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥന്മാരായിട്ടുള്ള കുടുംബങ്ങൾ
(എച്ച്)ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ
(ഐ) ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ

(ജെ) 2006-ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും (വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും,

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ കണ്ടെത്തുന്നതിന് അവലംബിക്കേണ്ട രീതിശാസ്ത്രം**

പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ണ്-ജല സംരക്ഷണം, മഴവെള്ളകോയ്ത്ത്, ഭൂഗർഭ ജലപോഷണം, ഭൂവികസനം, വനവത്ക്കരണം തുടങ്ങിയ പൊതുലക്ഷ്യങ്ങളോടെ നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. നഗര തൊഴിലുറപ്പ് നിയമ പ്രകാരം ആകെ അനുവദനീയമായ പ്രവൃത്തികളെ വിശദമായി പരിശോധിച്ചിൽ നിരവധി പ്രവൃത്തികൾ ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ, 100 ഇനം പ്രവൃത്തികൾ പ്രക്ൃതി വിഭവ പരിപാലനവുമായി മാത്രം ബന്ധപ്പെട്ടവയാണ്. അതിൽത്തന്നെ 71 ഇനം പ്രവൃത്തികൾ ജലസംരക്ഷണവുമായി ബന്ധപേപെട്ടവയുമാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ ഇക്കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനം വിലയിരുത്തുന്ന പക്ഷം പദ്ധതിയിൽ ആഗ്രഹിച്ച നിലയിൽ സമഗ്ര വികസന കാഴ്ചപ്പാടിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്താൻ കഴിയും. സമഗ്ര നീർത്തട കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അല്ലാതെ ഒറ്റയോറ്റ പ്രവൃത്തികൾ പലയിടങ്ങളിലായി ഇപ്പോൾ ചെയ്യുന്നതിനാൽ ലഭ്യമാക്കേണ്ട പ്രയോജനം ഫലപ്രദമായി ലഭിക്കുന്നുമില്ല എന്ന് വിലയിരുത്താവുന്നതാണ്. ഭൂരിപക്ഷം നഗരസഭകളും ഈ പദ്ധതി ഏറ്റെടുത്തിട്ടില്ലായെന്നുള്ളത് ഗൗരവമായി പരിശോധിക്കേണ്ടത്. ഗ്രാമപഞ്ചായത്തുകൾ നഗരസഭകളായി മാറിയ പ്രദേശത്തേ വലിയൊരു വിഭാഗം തൊഴിലാളികൾക്ക് ലഭിച്ചിരുന്ന അവകാശങ്ങൾ നഗരസഭകളായി മാറിയപ്പോൾ നഷ്ടപ്പെട്ടിട്ടുണ്ട്. പുതിയ നഗരസഭകൾ അത് കൊണ്ടു തന്നെ നഗര തൊഴിലുറപ്പ് പദ്ധതി നഗപ്പിലാക്കാൻ ജാഗ്രത പുലർത്തണം.

നേരിട്ട് കാണാവുന്നതും അളന്നു തിട്ടപ്പെടുത്താവുന്നതും ആവർത്തന സ്വഭാവം ഇല്ലാത്തതുമായ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ വിവക്ഷിച്ചിട്ടുള്ള പ്ധാന ലക്ഷ്യം. ഏതൊക്കെ ആസ്തികൾ പദ്ധതിയിൽ സൃഷ്ടിക്കാം എന്നതിനെ സംബന്ധിച്ച് പരിശോധിക്കുകയും സംസ്ഥാനത്ത് ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ കണ്ടെത്തിയിട്ടുമുണ്ട്. എന്നാൽ, പ്രസ്തുത പ്രവൃത്തികളുടെ പട്ടികയിൽ നിന്നും ഓരോ നഗരസഭയ്ക്കും അവയ്ക്ക് ആവശ്യമായ പദ്ധതികൾ ഏതെല്ലാമാണ് എന്ന് നിർണ്ണയിക്കുന്നതാണ് ഇന്ന് നഗരസഭകൾ അഭിമുഖീകരിക്കുന്ന പ്രശ്നം.

നഗര പ്രദേശത്തെ സാമൂഹിക സാമ്പത്തിക ഭൂമിശാസ്ത്രപരമായ ഘടകങ്ങളെ മുൻനിർത്തി കാർഷിക വികസനം, പ്രകൃതി വിഭവ പരിപാലനം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ തൊഴിലുറപ്പ് പദ്ധതിയിലൂടെ കൈവരിക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് ഏറ്റെടുക്കേണ്ടത്. ഇതിലേയ്ക്ക് താഴെ പറയുന്ന വിവിരങ്ങൾ നിർബന്ധമായും ശേഖരിക്കേണ്ടതാണ്.

1. പ്രാദേശിക ഭൗമ പ്രത്യേകതകൾ
2. നീരൊഴുക്ക് വിവരങ്ങൾ
3. മഴയുടെ വിവരങ്ങൾ
4. ഊർവ്വരത
5. ഊഷ്മാവ്
6. ഭൗമ പ്രത്യേകതകൾ
7. ഭൂഗർഭ ജലനിരപ്പ്
8. നിലവിലുള്ള ജലസേചന സംവിധാനങ്ങൾ

9. ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക അവസ്ഥ
10. ജനസംഖ്യ
11. പൊതുജന ആരോഗ്യാവസ്ഥ
12. വിദ്യാഭ്യാസ നിലവാരം
13. കൃഷിയും ഭൂവിനിയോഗവും
14. മൃഗസംരക്ഷണം
15. മണ്ണൊലിപ്പ്
16. ഭൂക്ഷമത

മുകളിൽ സൂചിപ്പിച്ച ബൃഹത്തായ വിവര ശേഖരണത്തിന്റെ പശ്ചാത്തലത്തിൽ അടുത്ത പടിയായി എറ്റെടുക്കേണ്ടത് ജനങ്ങളുടെ ആവശ്യങ്ങൾ എന്തൊക്കെയാണെന്നുള്ള തിട്ടപ്പെടുത്തൽ. ഇതിന് അയൽക്കൂട്ട ചർച്ചകൾ, SC/ST വിഭാഗത്തിലുള്ളവരുടെ മുൻഗണനകൾ ഉൾപ്പെടുത്താനായി പ്രത്യേക ശ്രമം. ജനങ്ങളുടെ ആവശ്യങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്താനായി ഫോക്കസ്ഡ് ഗ്രൂപ്പ് ചർച്ചകൾ, ട്രാൻസെക്ട് വാക്ക്, വിഭവഭൂപട നിർമ്മാണം, പങ്കാളിത്ത മുൻഗണനാ ക്രമം നിശ്ചയിക്കൽ തുടങ്ങിയവ സ്വീകരിക്കാനാവുന്നതാണ്.

കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് നഗരപ്രദേശങ്ങൾ തീരപ്രദേശം, ഇടനാട്, മലയോരം എന്നീ പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഒരോ നഗര പ്രദേശത്തിനും അതിന്റേതായ സവിശേഷതകൾ ഉണ്ട്. അവ ഏതെന്ന് കണ്ടെത്തി ഈ പദ്ധതിയിൽ എറ്റെടുക്കാവുന്ന പ്രവൃത്തികൾ സംബന്ധിച്ച് ഓരോ നഗരസഭയും വിശദമായ പ്രോജക്ടുകൾ തയ്യാറാക്കുകയാണ് ഉചിതം.

**ജലസംരക്ഷണം**

1. കിണർ റീചാർജ്ജിംഗ്
2. ഗല്ലിപ്ലഗ്ഗിങ്ങ്, തടയണ ബ്രഷ് വുഡ് തടയണ, കമ്പിവലയ്ക്കുള്ളിൽ കല്ലുട്ടക്കിയുള്ള (Gabion) തടയണ, കല്ലുട്ടക്ക് തടയണ, മഴക്കുഴി, അടിയണ, ജലാഗീകരണ ട്രഞ്ച്, കോണ്ടൂർട്രഞ്ച്, കോണ്ടൂർ മൺബൺഡ്, സ്റ്റാഗേർഡ് കോണ്ടൂർ ബണ്ട്, കല്ല്കയ്യാല (stone pitched bund), HDPE (High Density Poly Ethilene) ഗാബിയോൺ തടയണ, കുളങ്ങളുടെ പുനരുദ്ധാരണം (ചെളിനീക്കം ചെയ്യൽ) വശഭിത്തി സംശയങ്ങളും പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം.

**കടിവെള്ളം**

റീചാർജ്ജ് കുഴികൾ, കിണർ, നിർമ്മാണം

**വരൾച്ച പ്രതിരോധം**

1. വനങ്ങളുടെ പരിസ്ഥിതി പുനരുദ്ധാരണം
2. വനവത്ക്കരണം
3. വനഭൂമി സംരക്ഷണം
4. സിൽവി പാസ്ചർ
5. കാർഷിക നഴ്സറി സ്ഥാപിക്കൽ
6. സർക്കാർ ഭൂമിയിൽ വനവത്ക്കരണം
7. റോഡ്, കനാൽ വശങ്ങളിൽ വനവൽക്കരണം
8. ഭൂവികസനം

**സൂക്ഷ്മ ജലസേചനം**

1. കനാൽ, ജലവിതരണ ചാലുകളുടെ നിർമ്മാണം
2. ലിഫ്റ്റ് ഇറിഗേഷൻ
3. കനാൽ വശഭിത്തികൾ ലീക്ക് തടയുന്നതിനായി ലൈൻ ചെയ്യൽ
4. ജലസേചനത്തിനായി പൊതു കിണർ നിർമ്മാണം

**ഭൂവികസന പ്രവർത്തനങ്ങൾ**

കല്ല്കയ്യാല, മൺവരമ്പ്, കല്ലുബണ്ട്, ടെറസ്സിങ്ങ് (നിരപ്പാക്കൽ) തരിശ്ശുഭൂമി വികസനം

**സ്വകാര്യ ഭൂമിയിലെ ഇടപെടലുകൾ**

1. കൃഷി ആവശ്യത്തിന് കുളം കുഴിക്കൽ
2. കിണർ പരിപോഷണം
3. കല്ല് അണ
4. കോണ്ടൂർ ബണ്ട് നിർമ്മാണം
5. ഗള്ളി പ്ലഗ്ഗിങ്ങ്
6. ജലപരിപോഷണ കുഴികൾ
7. കക്കൂസ് കുഴി നിർമ്മാണം
8. നീരൊഴുക്ക്, ചാൽ നിർമ്മാണം
9. പുരയിടത്തിൽ ബണ്ട് നിർമ്മാണം
10. കിണർ കുഴികൾ
11. കല്ല് കയ്യാല
12. തരിശായ ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള ഇടപെടലുകൾ
13. കോണ്ടൂർ ബണ്ടുകളുടെ നിർമ്മാണം
14. ഗ്രേഡഡ് ബണ്ടുകളുടെ നിർമ്മാണം
15. ജലനിർഗ്ഗമന ചാലുകൾ
16. ഭൂമി നിരപ്പാക്കൽ
17. ചാലുകളുടെ ചോർച്ച അടക്കുന്നതിന് ലൈനിംഗ്
18. ക്രോസ്സ് ബണ്ട്
19. വെള്ളപ്പൊക്ക നിവാരണ ചാലുകളുടെ ആഴം കൂട്ടൽ
20. ഡൈവേർഷൻ ചാനൽ
21. വെള്ളക്കെട്ട് പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തൽ
22. പെരിഫെറൽ ബണ്ടിംഗ്
23. പതിനഞ്ച് മുതൽ ഇരുപത്തഞ്ച് കൊല്ലക്കാലം നിലനിൽക്കുന്ന തരത്തിലുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ
24. കടലോരങ്ങളിൽ കടൽ ക്ഷോഭത്തിന്റെ ആഘാതം കുറക്കുന്നതിനുള്ള മരം വച്ച് പിടിപ്പിക്കൽ
25. നഴ്സറികൾ, ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കൽ
26. പുരയിടങ്ങളിലെ അതിർത്തിയിൽ പതിനഞ്ച് മുതൽ ഇരുപത്തിയഞ്ച് കൊല്ലം വരെ നിലനിൽക്കാവുന്ന വൃക്ഷ ഇനങ്ങൾ നട്ടുപിടിപ്പിക്കൽ
27. പതിനഞ്ച് മുതൽ ഇരുപത്തയഞ്ച് കൊല്ലക്കാലം വരെ നിലനിൽക്കുന്ന ഫലവൃക്ഷങ്ങളുടെ തോട്ടം
28. പട്ടുനൂൽകൃഷി, പുഷ്പകൃഷി, ഔഷധകൃഷി
29. തരിശുഭൂമി കൃഷിയോഗ്യമാക്കൽ
30. ഭൂമിയിലെ ക്ഷാരം/ലവണ അംശങ്ങൾ നീക്കം ചെയ്ത് ഭൂമി കൃഷിയോഗ്യമാക്കൽ
31. കംപോസ്റ്റ് കുഴികൾ
32. നടേപ്പ് കമ്പോസ്റ്റ്
33. ബർക് ലി കമ്പോസ്റ്റ്
34. മണ്ണിര കമ്പോസ്റ്റ്
35. ഭവന നിർമ്മാണം (ലൈഫ് പദ്ധതി)
36. അസ്സോള കൃഷി
37. തൊഴുത്ത്
38. ആട്ടിൻകൂട്
39. പന്നിക്കൂട്
40. കോഴിക്കൂട്

**ഭൂവികസന പ്രവർത്തനങ്ങൾ (പൊതുഭൂമിയിൽ)**

1. കല്ല് നിരത്തി തറ ഉറപ്പാക്കൽ

2. തരിശ് ഭൂമി വികസിപ്പിക്കൽ
3. കരഭൂമി വികസിപ്പിക്കൽ (Land Reclamation)

**കെട്ടിട നിർമ്മാണം**

1. അയൽക്കൂട്ടങ്ങളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾക്കുള്ള workshed
2. അങ്കണവാടി കെട്ടിട നിർമ്മാണം
3. ADS/CDS എന്നിവയ്ക്കുള്ള കെട്ടിടം
4. കാർഷികോല്പന്ന സംഭരണം കേന്ദ്രം
5. സ്കൂളുകൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കെട്ടിടം
6. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായുള്ള ഷെൽട്ടറുകൾ
7. ശ്മശാന നിർമ്മാണം

**ശൗചാലയം**

1. കമ്പോസ്റ്റ് കുഴി
2. അങ്കണവാടി ടോയിലറ്റ് നിർമ്മാണം
3. സ്കൂളുകളിലെ ടോയിലറ്റ് നിർമ്മാണം
4. സോക്കേജ് ചനൽ / പിറ്റ് നിർമ്മാണം
5. ഓടകളുടെ നിർമ്മാണം
6. മാലിന്യ ശേഖരണവും സംസ്കരണവും

**വെള്ളപ്പൊക്ക നിയന്ത്രണം**

1. വരിവെള്ളം ഒഴുകുന്നതിനുള്ള ചാലുകളുടെ നിർമ്മാണം
2. നീരൊഴുക്ക് ചാലുകളുടെ ആഴം വർദ്ധിപ്പിക്കലും പരിപാലനവും
3. വെള്ളക്കെട്ട് പ്രദേശങ്ങളിലെ നീരൊഴുക്ക് സംവിധാനം
4. നീരൊഴുക്ക് ചാലുകളുടെ വശഭിത്തി ബലപ്പെടുത്തൽ
5. പൊതു ആസ്തികളുടെ സംരക്ഷണം

**മത്സ്യമേഖല**

1. മീൻ ഉണക്കുന്ന തറകളുടെ നിർമ്മാണം
2. കുളങ്ങളുടെ നിർമ്മാണം

**തീരദേശ സംരക്ഷണം**

മത്സ്യം ഉണക്കുന്ന ഷെഡ്ഡുകൾ / തറകൾ

**മറ്റു പ്രവൃത്തികൾ**

1. പൊതു ആസ്തികളുടെ പരിപാലനം
2. കളിസ്ഥലങ്ങളുടെ നിർമ്മാണം
3. കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം
4. നടേപ്പ് വെർമി കമ്പോസ്റ്റുകൾക്കുള്ള അടിസ്ഥാന സൗകര്യം
5. സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ
6. മാലിന്യ ശേഖരണവും സംസ്കരണവും
7. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പി.ഡബ്ല്യു.ഡി റോഡിന് ഇരുവശങ്ങളിലുമുള്ള ഓട വൃത്തിയാക്കൽ, പാഴ് ചെടികളും മറ്റും നീക്കം ചെയ്യൽ.